# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3709 | 14/03/2017-ൽ മറുപടിക്ക്

## മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; | എ) | പരിശോധിക്കാറുണ്ട്. |
| ബി) | ഇതിനുള്ള സംവിധാനം ഏതൊക്കെ ഏജൻസികൾ മുഖേനയാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ബി) | സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ കെ.എം.എസ്.സി.എൽ വഴിയാണ് സംഭരിക്കപ്പെടുന്നത്. ഈ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി കെ.എം.എസ്.സി.എൽ. NABL അക്രഡിറ്റേഷനുള്ള മരുന്ന പരിശോധനാ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. |
| സി) | മെഡിക്കൽ ഷോപ്പുകൾ വഴി വിതരണം ചെയ്യുന്ന മരുന്നുകളുടെ വില വർദ്ധനവ് തടയുന്നതിന് സ്വീകരിക്കുവാൻ കഴിയുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം; ഇവ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | സി) | കേന്ദ്ര കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് വകുപ്പിന്റെ കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (എൻ.പി.പി.എ)യാണ് മരുന്നുകളുടെ വിലനിയന്ത്രണം നടപ്പിലാക്കി വരുന്നത്. സംസ്ഥാന-സർക്കാരിന് മരുന്നുവില നിശ്ചയി-ക്കുന്നതിൽ അധികാരമില്ല. എന്നാൽ എൻ.പി.പി.എ വിലനിശ്ചയിച്ചിരിക്കുന്നത് ദേശീയ അവശ്യ മരുന്ന പട്ടികയിലുൾപ്പെടുത്തിയിട്ടുള്ള മരുന്നു-കൾക്ക് മാത്രമാണ്. ഈ പട്ടികയിൽ പെടാത്ത മരുന്നുകൾ നിലവിൽ വിലനിയന്ത്രണത്തിൽ വന്നിട്ടില്ല. എന്നിരുന്നാലും ഇത്തരം മരുന്നുകൾക്ക് വർഷം തോറും പരമാവധി 10% വിലവർദ്ധനവ് മാത്രമേ എൻ.പി.പി.എ അനുവദിച്ചിട്ടുള്ളൂ. എൻ.പി.പി.എ നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നില്ലെന്ന് |

ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഫലപ്രദമായി ഉറപ്പുവരുത്തുന്നുണ്ട്.

ഡി) ഒരേ മരുന്നിന് വിവിധ മരുന്നുകമ്പനികൾ വ്യത്യസ്ത തരത്തിൽ വില ഈടാക്കുന്നത് തടയാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഡി) ഒരേ മരുന്നിന് വിവിധ മരുന്നു-കമ്പനികൾ വ്യത്യസ്ത വിലകൾ ഈടാക്കുന്നുണ്ട്. എൻ.പി.പി.എ നിശ്ചയിച്ചിട്ടുള്ള സീലിംഗ് പ്രൈസിനേക്കാൾ കൂടുതൽ വില ഈടാക്കുവാൻ പാടില്ല എന്നേ നിയമം നിഷ്കർഷിച്ചിട്ടുള്ളൂ. പ്രസ്തുത സീലിംഗ് പ്രൈസിനുള്ളിലുള്ള ഏത് തുക വേണമെങ്കിലും മരുന്നു വിലയായി നിർമ്മാതാക്കൾ നിശ്ചയിക്കുന്നതിൽ നിയമപരമായി തെറ്റില്ല.

സെക്ഷൻ ഓഫീസർ